സാമൂഹ്യവികസനത്തിന് ചെലവാക്കിയ തുക

1045 [1944] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള:
,, ഒ. രേതൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീമതി പി.ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ സാമൂഹ്യവികസനത്തിന് സംസ്ഥാനത്ത് ചെലവാക്കിയ തുക എത്ര വീതം;

(ബി) ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും ചെലവാക്കിയ തുക എത്ര വീതമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1982-83-ൽ 29 കോടി 47 ലക്ഷം രൂപ സാമൂഹ്യവികസനത്തിനായി ചെലവാക്കിയിട്ടുണ്ട്. 1983-84-ൽ 51.14 കോടി രൂപയാണ് ചെലവാക്കിയത്. 1984-85ലേക്ക് വേണ്ടി 62.34 കോടി രൂപയും 1985-86-ൽ 64.91 കോടി രൂപയും സംസ്ഥാനത്ത് ചെലവഴിച്ചു.

(ബി) ഓരോ സാമ്പത്തിക വർഷവും പ്ലാൻ, നോൺപ്ലാൻ എന്നീ ഇനങ്ങളിൽ ചെലവാക്കിയ തുകയെപ്പറ്റിയുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ട്രൈസം ട്രെയിനികൾക്ക് തൊഴിൽ ലഭ്യമാക്കാൻ നടപടി

1046 [1945] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്കുകൾ വഴി ട്രൈസം ട്രെയിനികളെ തിരഞ്ഞെടുത്ത് അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാനും അതുവഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നം വിറ്റഴിക്കുന്നതിനുമുള്ള ഒരു സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രൈസം പരിപാടി ഐ.ആർ.ഡി.പി. യുടെ ഒരു അനുബന്ധപദ്ധതിയാണ്. ഐ.ആർ.ഡി.പി. സഹായത്തിന് അർഹമായ കുടുംബങ്ങളിൽ നിന്നു മാത്രമേ ട്രൈസം ട്രെയിനിംഗിന് ആളുകളെ തിരഞ്ഞെടുക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം കഴിഞ്ഞാലുടൻ ഐ.ആർ.ഡി.പി. അനുസരിച്ച് സഹായം ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 'ട്രൈസം പരിശീലനം ലഭിച്ചവരുടേത് ഉൾപ്പെടെ ഐ.ആർ.ഡി.പി. പദ്ധതിയിൻകീഴിൽ ആരംഭിക്കുന്ന സംരംഭ

* അനുബന്ധം—IV

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ഒരു സ്ഥിരം ഏജൻസി എന്ന നിലയിൽ ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളാ റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ഡി.ഇ.ഒ.മാർക്ക് സ്റ്റൈപ്പെൻറ് നൽകുന്നതിനുള്ള നടപടി

1047 [1946] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നീ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററുകളിൽ പരിശീലനം നടത്തുന്ന വി. ഇ. ഒ.മാർക്ക് 1-4-86 മുതൽ സ്റ്റൈപ്പെൻറ് നൽകുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നീ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻററുകളിൽ 1-4-1986 മുതൽ 5 മാസത്തെ കൺഡൻസ്ഡ് ട്രെയിനിംഗ് കോഴ്സിന് തിരഞ്ഞെടുത്ത വി.ഇ.ഒ.മാർക്ക് ട്രെയിനിംഗ് കാലത്ത് സ്റ്റൈപ്പെൻറ് നൽകുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. ശദ്ധ ക്ഷണിക്കൽ

(1) അംഗനവാടികളും അവിടെ സേവനമനുഷ്ഠിക്കുന്നവരും നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. കെ. കേശവൻ: സർ, കേരളത്തിലെ ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ കീഴിൽ ആരംഭിച്ചിട്ടുള്ള അംഗനവാടികളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ഇന്നത്തെ പ്രയാസങ്ങളെക്കുറിച്ചും
9.30 A.M.] ബുദ്ധിമുട്ടുകളെക്കുറിച്ചും ഗവൺമെൻറിന്റെയും വകുപ്പു മന്ത്രിയുടേയും ശദ്ധയിൽപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ എൻ. ഇ. എസ്. ബ്ലോക്ക് അതിർത്തികളിൽ ഐ. സി. ഡി. എസ്. പ്രോജക്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗനവാടികളിൽ പണിയെടുക്കുന്ന ഏഴായിരത്തിനും എണ്ണായിരത്തിനും ഇടയ്ക്കുള്ള സ്ത്രീകളാണ് ഉള്ളത്. ഇവരിൽ ഭൂരിപക്ഷവും വിദ്യാസമ്പന്നരായിട്ടുള്ളവരാണ്. ബി. എ.ക്കാരും ബി.എസ്സി. ക്കാരും പ്രീഡിഗ്രി പാസ്സായിട്ടുള്ളവരുമുണ്ട്. മിക്കവാറും പേർ എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളവരാണ്. അവർക്ക് ഇന്ന് നൽകിവരുന്ന ആനുകൂല്യങ്ങൾ വളരെ കുറവാണ്. നാലുവർഷം മുമ്പ് ഈ പ്രോജക്റ്റ് ആരംഭിക്കുമ്പോൾ ഗവൺമെൻറിനുണ്ടായിരുന്ന ഉദ്ദേശ്യ

LIBRARY ARCHIVES Kerala Legislative Assembly